# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3723

23.08.2017 ൽ മറുപടിക്ക്

### ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ്. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കേണ്ടതായിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ഈ പദ്ധതിയ്ക്കുവേണ്ടി 100 ഏക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ഏറ്റെടുക്കുവാൻ ജില്ലാകളക്ടർ ഡി എൽ പി സി യോഗങ്ങൾ നടത്തുകയും ഭൂമിയുടെ നഷ്ടപരിഹാര വില നിശ്ചയിക്കുകയും ചെയ്തു. അന്തിമവിലയുടെ അടിസ്ഥാനത്തിൽ 15 ഭൂവുടമകളിൽ നിന്നും **15.25** ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാറുണ്ടാക്കുകയും, ഭൂമി വിലയുടെ 50% തുകയായ 8.26 കോടി രൂപ ഭൂവുടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി എൽ പി സി മുന്നോട്ട് വച്ച ഭൂമി നിരക്കിനെ എസ് എൽ ഇ സി അംഗീകരിച്ചു. ഇവ കൂടാതെ മൂന്ന് വിഭാഗങ്ങളിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി എൽ പി സി അന്തിമമായി തീരുമാനിക്കുകയും, എസ് എൽ ഇ സി യിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 117 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിന്റെ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് നാളിതുവരെ 106 കോടി രൂപ സർക്കാർ കെ എസ് ഐ ഡി സി ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ